ശ്രീ

# മണികണ്ഠ സ്തോത്രരത്നം




എച്ച്. & സി. സ്റ്റോഴ്സ്, കുന്നംകുളം.

വില: 60 പൈസ.

975

ശ്രീ

# മണികണ്ഠ സ്തോത്രരത്നം

38816

ഗ്രന്ഥകർത്താ:

ഗോപാലകൃഷ്ണൻ

KOTTAYAM PUBLIC LIBRARY
KOTTAYAM

പ്രസാധകർ:

എച്ച്. ആൻറ് സി. സ്റ്റോഴ്സ്,

കുന്നംകുളം.

വില 60 പൈസ.

294

[MAL.]

# SREE MANIKANTA STHOTHRARATHNAM

[A HYMN]

BY

GOPALAKRISHNAN

PUBLISHERS

H. & C. STORES

KUNNAMKULAM

PRINTED AT

VICTORY PRESS, KUNNAMKULAM

Blocks:
Sankar Blocks, Trichur.

1st IMP: 7-11-'66: 5000 / 0-60

---

(Rights reserved to Publishers only.)

H&C STORES
KUNNAMKULAM

# മുഖവുര

മഹിഷീമർദ്ദനത്തിനു വേണ്ടി മോഹിനിയാൾ പെറവളർത്തിയ വീര പുരുഷനാണല്ലോ അയ്യപ്പസ്വാമി. ഭക്തിരസപ്രധാനങ്ങളായ സ്വാമികഥകൾ കേൾക്കാത്ത കേരളീയർ ഇല്ലെന്നു തന്നെ പറയാം. സ്ഥിതിസംഹാരകാരകന്മാരായ ഹരിഹരന്മാരുടെ രൂപമത്രേ സ്വാമിയുടേതു്. ധർമ്മശാസ്താവെന്ന പേരിൽ ധർമ്മഹീനന്മാരായ മനുഷ്യകീടങ്ങളെ ശാസിച്ചും രക്ഷിച്ചും എല്ലാജീവജാലങ്ങളിലും തന്റെ അത്യത്ഭുതകരങ്ങളായ പ്രകാശധാരകൾ ചൊരിഞ്ഞും ഈരേഴുലകിന്നും അധിനായകനായി ദേവപൂജിതനായി ഋഷിസംസ്തുതനായി മാനവാരാദ്ധ്യനായി വിരാജിച്ചരുളിയ അയ്യപ്പസ്വാമിയെവിടെ ...? അദ്ദേഹത്തിന്റെ കഥകളും സ്തുതികളും ഉൾപ്പെടുത്തിക്കൊണ്ടു ഈ ഗ്രന്ഥതല്ലജം സഹൃദയസദസ്സിന്നു മുൻപിൽ കാണിയ്ക്കുവെയ്ക്കുന്ന ഞാനെവിടെ?

ഹരി എന്ന ശബ്ദം ജീവാത്മാവിനെയാണു് സൂചിപ്പിക്കുന്നതു്. ഹരൻ എന്ന ശബ്ദം പരമാത്മാവിനെയും സൂചിപ്പിക്കുന്നു. ജീവാത്മാവിന്റേയും, പരമാത്മാവിന്റേയും സമഞ്ജസസമ്മേളനമാണു് ചരാചര നിബന്ധമായ ഈ ലോകംതന്നെ. സർവ്വചരാചരങ്ങൾക്കും സംസ്തുതനായ ദേവതയത്രേ ഹരിഹരപുത്രൻ.

ദേവന്മാരുടെ ഓരോ അവതാരങ്ങളും ഓരോ പ്രത്യേക ഉദ്ദേശത്തോടുകൂടിയതാണല്ലോ? അതുപോലെ

സ്വാമിയുടെ അവതാരത്തിൻെറ ഉദ്ദേശം മഹിഷീമർദ്ദനവും, ലോകരക്ഷണവുമാണ്. ഈ ഉദ്ദേശലക്ഷ്യത്തെ മുൻനിർത്തി രാജസിംഹാസനം പോലും പരിത്യജിച്ച് തൻെറ പ്രിയഭക്തയായ ശബരിയ്ക്ക് മോക്ഷം നൽകി ആ കാട്ടാളസ്ത്രീയുടെ പേരുകൊണ്ട് പ്രസിദ്ധിയാർജ്ജിച്ച ശബരിമലയിൽ ലോകരക്ഷണം ചെയ്ത് വാണരുളുന്ന ധർമ്മശാസ്താവിൻെറ ഭക്തജനപ്രീതിയ്ക്ക് ഇതിൽപരം മററൊരുദാഹരണം വേണമെന്നില്ല.

രാഗദ്വേഷാദികളാൽ മലീമസമായ മനസ്സിനെ ഭക്തിസംവർദ്ധകമായ സ്വാമിനാമങ്ങളിലും സ്തോത്രലഹരിയിലും കേന്ദ്രീകരിച്ച് ബ്രഹ്മപദത്തിലേക്കുള്ള ദീർഘപ്രയാണത്തിൽ സ്വാമിസ്തോത്രരത്നങ്ങൾ ആലപിക്കുകയെന്നതിൽ കവിഞ്ഞ് മററൊന്നും ചെയ്യാനില്ല. ആയതിന്നു ഈ കൃതി ഉപയുക്തമായിത്തീരുമെങ്കിൽ ഞാൻ കൃതാർത്ഥനത്രേ!

20-9-66. —ഗ്രന്ഥകർത്താ

# വിഷയവിവരണം


1. അയ്യപ്പസ്വാമിപൂജ.
2. ശബരീശസ്തുതി.
3. ശിവപുത്രസ്തോത്രം.
4. ശരണമാലിക.
5. തൊഴാം തൊഴാം.
6. അയ്യപ്പൻ തിന്തകത്തോം (പേട്ടതുള്ളൽ)
7. അയ്യപ്പപാഹിമാം.
8. മഹിഷീമർദ്ദകൻ
9. പരമപുരുഷജ്ഞാനം.
10. കരകേററുക.
11. അയ്യപ്പസ്വാമി പുലിപ്പാലിന്നുപോയ കഥ.
12. ഹരിഹരസുതൻ.
13. ഈശ്വരസ്തോത്രം.
14. പുലിവാഹനൻ.
15. കരിമലയിൽ.
16. ഗജമുഖസഹജൻ.
17. ധർമ്മശാസ്താവ്.
18. മന്ത്രിയുടെ ചതി.
19. മല കേറുന്നേരം.
20. ഭജമണികണ്ഠം.

21. കമ്മസാക്ഷി.
22. ശബരിഗിരിവാസൻ.
23. മണികണ്ഠസ്തോത്രവിംശതി.
24. അച്ചന.
25. പതിനെട്ടാംപടി.
26. ശരണമയ്യപ്പാ.
27. എരുമേലി ശാസ്താവു്.
28. അപ്പാച്ചിക്കുഴി.
29. പടിപ്പാട്ടു്.
30. മക്കത്തെ പാത്തുമ്മയും വാവരും.
അയ്യപ്പനും വാവരും തമ്മിൽ യുദ്ധം.

—!o!—

# ശ്രീമണികണ്ഠസ്തോത്രരത്നം

KOTTAYAM PUBLIC LIBRARY
KOTTAYAM
38816

## 1 അയ്യപ്പസ്വാമിപൂജ

ഹരിഹരസുതനാ മയ്യപ്പാ
ഗുരുജന പൂജിത നയ്യപ്പാ
അഖിലജനപ്രിയ നയ്യപ്പാ
വരമരുളു പൊന്നയ്യപ്പാ
പമ്പാനദിയുടെ തീരത്തിൽ
വന്നുപിറന്നോ രയ്യപ്പാ
പന്തളഭൂപതി തന്മകനായ്
മന്നിൽജനിച്ചോ രയ്യപ്പാ
ഗുണഗണലാളിത നയ്യപ്പാ
ഗിരിജാവന്ദിത നയ്യപ്പാ
സുരവരവന്ദിത നയ്യപ്പാ
വരമരുളു പൊന്നയ്യപ്പാ
മഹിഷീമർദ്ദക നല്ലോ നീ
വനചരവന്ദിത നല്ലോ നീ
നിന്മഹി മാമൃതമൊക്കേയും
മന്നിനുനൽകീ സന്തോഷം
ഗുരുജന പൂജിത നയ്യപ്പാ
വരമരുളു പൊന്നയ്യപ്പാ!
ബ്രഹ്മാദിപ്രിയ നയ്യപ്പാ
ഇന്ദ്രാദിപ്രിയ നയ്യപ്പാ

ഇന്ദ്രിയ നിഗ്രഹ നയ്യപ്പാ
വരമരുള്ള പൊന്നയ്യപ്പാ
മലമുകളേറിയിരുന്നവനേ
മനുജൻ പാപം തീർത്തവനേ
ശബരീമോക്ഷം ചെയ്തവനേ
വരമരുള്ള നീ യയ്യപ്പാ
കരിമല കയറിയിരുന്നവനേ
പുലിവാഹനനായ് തീന്നവനേ
കലിമലമൊക്കെത്തീർത്തവനേ
വരമരുള്ള പൊന്നയ്യപ്പാ
മുനിജനവന്ദിത മോഹനനേ
പുലിയുടെ പാലിനു പോയവനേ
വൻപുലിതൻെറ പുറത്തുകരേറി
തൻപ്രിയനാട്ടിൽ ചെന്നവനേ
വരമരുള്ള പൊന്നയ്യപ്പാ
സുരവരപൂജിത നയ്യപ്പാ
നിൻ കഥകേൾക്കാൻ കൊതിയോടേ
വന്നുനമിയ്ക്കും ലോകത്തെ
രക്ഷിയ്ക്കും പൊന്നയ്യപ്പാ
വരമരുള്ള പൊന്നയ്യപ്പാ
സ്തോത്രപ്രിയനാമയ്യപ്പാ
ഭക്തപ്രിയനാമയ്യപ്പാ
നിൻചരണാംബുജതാരുകളിൽ
കുമ്പിടുവേൻ ഞാനയ്യപ്പാ!
പൂജാദിപ്രിയനയ്യപ്പാ
ദേവാദിപ്രിയനയ്യപ്പാ

ശരണംശരണം ഹരിഹരസുതനേ
വരമരുള്ള പൊന്നയ്യപ്പാ
കരിമല വന്മല നീലിമല
പുലിമല മാമല കയറുമ്പോൾ
അഗതികൾ ഞങ്ങൾ വിളിക്കുന്നു
വരമരുള്ള പൊന്നയ്യപ്പാ
ഓങ്കാരാത്മകനല്ലോ നീ
ശങ്കരനന്ദനനല്ലോ നീ
ശങ്കരിയായിട്ടമ്മതൻ മകനേ
ശംഭുപ്രിയനേ ശരണം നീ
ആത്മജനപ്രിയ നായകനേ
ആത്തിയകററും നായകനേ
വെൺതിങ്കൾക്കല ചൂടിയ ശങ്കര—
നന്ദനനാം പൊന്നയ്യപ്പാ
ഉമതൻമകനേ ശരണം നീ
ശമകുലദാഹക ശരണം നീ
മുനിജനസംസ്തുത നിസ്തുലമോഹന
ശരണം നീയാണയ്യപ്പാ
അമരാധീശ്വരനായവനേ
അമിതജനപ്രിയനായവനേ
അഭയം നീയേ മന്നിനുമുഴവൻ
വരമരുള്ള പൊന്നയ്യപ്പാ
ദേവീജന പരിലാളിതനേ
ദേവേന്ദ്രപ്രിയനായവനേ
നീയേ ശരണം നീയേ ശരണം
നാടിനുമുഴവൻ നായകനേ

ത്രിഭുവനമെല്ലാം നീയല്ലോ
പരിപാലിപ്പതു ഭഗവാനേ
ത്രിഭുവനദാഹകനാകിയ ദേവനു—
മകനായ് തീന്നതു നീയല്ലോ
ശരണംശരണം ഹരസുതനേ
വരമരുളു പൊന്നയ്യപ്പാ!

—!o!—

## 2 ശബരീശസ്തുതി

ശബരിയ്ക്കുമോക്ഷമരുളി—നല്ല
ശബരിമലയിൽ കരേറി
വിളയാടുമയ്യപ്പാ നിന്നെ—നിത്യം
പദതാരിൽ കുമ്പിടാം ഞങ്ങൾ
അവനിയിൽ വന്നുജനിച്ചു—മന്നി—
ന്നഭയവും സൌഖ്യവും നൽകി
പുലിവാഹനനായിരിയ്ക്കും—നിന്റെ
ചരണത്തിൽ കുമ്പിടാം ഞങ്ങൾ
മലകളൊരേഴും കടന്നു-നീല-
മലകളും കാടും കടന്നു
ശബരിമലയിലിരിയ്ക്കും-ദേവാ-
ശരണം നീതന്നെയാണെന്നും
കമലതൻ മാനസതാരിൽ-പുത്തൻ
കതിരൊളിവീശിയ ദേവാ
ഗിരിജതനൂൾക്കാമ്പിലെന്നും-കാവ്യ-
മഹിമാവുയത്തിയ ദേവാ

അവനിയിൽ ഞങ്ങൾക്കഭയം—നിത്യ-
മരുളുക നീതാൻ സദയം
കരുണ നീയാരിലും കാട്ടി—നവ്യ-
മഹിമാവുയർത്തിയ ദേവാ
ശരണമില്ലാത്തോർക്കഭയം—നൽകി
ശബരിമലയിലിരിപ്പൂ
പുലികളെയാട്ടിത്തെളിച്ചു—നാട്ടി-
ലൊരുദിനം നീ വന്നണഞ്ഞു.
ജനനിയെ ശുശ്രൂഷചെയ്യാൻ—ജീവ-
സുഖമൊക്കെ ദൂരെത്യജിച്ചു.
അഖില ജഗത്തിനാധാരം—നീതാ
നഖിലർക്കും പുണ്യാവതാരം
ജഗദധിനായകാ ദേവാ—പുണ്യ-
പുരുഷാ പുരാതനമൂർത്തേ
കലികാലദോഷമലങ്ങൾ—മന്നിൽ
കളയാൻ പിറന്നൊരു സത്തേ
തവപദതാരിണ കൂപ്പാം നിത്യ-
മവനീശാ, ശാശ്വതമൂർത്തേ
ജനപദദുഃഖമശേഷം—തീർത്ത
ജഗദധിനായകാ ദേവാ
അവനിയിൽ ഞങ്ങൾക്കഭയം—നിത്യ-
മരുളുക നീതാൻ സദയം

—!o!—

## 3 ശിവപുത്രസ്തോത്രം

(അനുഷ്ടുപ്പ്)

ശരണം ശരണം നിത്യം
ശരണം ശങ്കരാത്മജാ
ശബരീശാ തവപദ-
ത്തളിരിൽ കുമ്പിടുന്നിതാ
ഘോരാകാരം പൂണ്ടുവന്ന-
മഹിഷീ മർദ്ദനത്തിനായ്
അവതാരം ചെയ്ത ദേവാ
ശബരീശാ തൊഴാം തൊഴാം
കണ്ണുനീർക്കടലിൽ നീന്തി-
ക്കൈകുഴഞ്ഞ ജനത്തിന്
കരകേറാൻ നീ ചമച്ച
ധർമ്മമെന്നൊരു തോണിയെ
ശിവപാദങ്ങളിൽ നിന്നും
ശിവം നേടിയെടുത്തു നീ
ശിവപുത്രാ നിന്നെ നിത്യം
ശബരീശാ തൊഴാം തൊഴാം
മണ്ണിനും,വിണ്ണിനും നിത്യ-
മധിനായകനായ നീ
മണ്ണിനു ധർമ്മമരുളീ
നിന്നെ നിത്യം തൊഴാം തൊഴാം
മാളികപ്പുറമേറീടു-
മംബനിൻെറ സഹോദരി

മഹനീയം തന്നെയല്ലോ
മഹിമാവുകളീശ്വരാ
അയ്യപ്പസ്വാമി നിൻപുണ്യ-
സമ്മോഹന പദാംബുജം
പണ്ഡിതന്മാരോതിടുന്നു
മന്നിനെന്നെന്നു മാശ്രയം
പിറന്നനാൾ തൊട്ടിന്നോള-
മുലകിൽ ജഗദീശനായ്
വാഴുംദേവാ നീ യെനിയ്ക്കും
ഭൂമിയ്ക്കും നിത്യമാശ്രയം
ദുഷ്ടനാം മന്ത്രിതൻ തെററു
ശുദ്ധനാം നീ പൊറുത്തുപോൽ
ഇദ്ധരയ്ക്കിഹ ധർമ്മത്തെ-
നിത്യവും നൽകിതൃപ്തനായ്
ശരണം ശരണം നിത്യം
ശരണം ശങ്കരാത്മജാ
ശബരീശാ തവപദ-
ത്തളിരിൽ കുമ്പിടുന്നിതാ!

—!o!—

## 4 ശരണമാലിക

സ്വാമിയേ ശരണമയ്യപ്പോ
ഭൂതനാഥാ ശരണമയ്യപ്പോ....
പമ്പാതീര നിവാസനേ ശരണമയ്യപ്പോ
അനാഥജനരക്ഷകനേ ശരണമയ്യപ്പോ....

ഇരുമുടിക്കെട്ടേ ശരണമയ്യപ്പോ
എരുമേലിശ്ശാസ്താവേ ശരണമയ്യപ്പോ
വില്ലാളിവീരനേ ശരണമയ്യപ്പോ
വിശ്വാധിനായകനേ ശരണമയ്യപ്പോ
അന്നദാനപ്രഭുവേ ശരണമയ്യപ്പോ
ആർത്തിവിനാശകനേ ശരണമയ്യപ്പോ
പതിനെട്ടാംപടിയ്ക്കധിനായകനേ
ശരണമയ്യപ്പോ....
പുലിവാഹനനേ ശരണമയ്യപ്പോ
ശബരീശ്വരനേ ശരണമയ്യപ്പോ
സകലജനേശ്വരനേ ശരണമയ്യപ്പോ
പൊന്നമ്പലാധിവാസനനേ ശരണമയ്യപ്പോ
ഹരിഹരസുതനനാഥ സംരക്ഷക-
നയ്യനയ്യപ്പസ്വാമിയേ ശരണമയ്യപ്പോ ...
സ്വാമീശരണം....

—!o!—

## തൊഴാം തൊഴാം

വൻപുലിപ്പുറത്തേറി വരുന്ന
സുന്ദരനാം ഹരിഹരപുത്രാ
സങ്കടങ്ങളകററുവാനായി
നിൻപദങ്ങളെ കുമ്പിടാം ഞാൻ
പൊന്നിരുമുടിക്കെട്ടുനിറച്ച
വന്നിടുന്നിതാനിന്നെയും തേടി

ദൂരെയുള്ള കരിമലതാണ്ടി
വൻചിറയും പുഴകളും താണ്ടി
സർവ്വശക്തനാം നിന്നെയും തേടി
ഞങ്ങളെത്തുന്നു ഭൂതാധിനാഥാ
അന്നദാന പ്രഭോ വിശ്വമൂർത്തേ
തന്നീടേണമഭയമെല്ലാർക്കും
കേറിടുന്നു പടിപതിനെട്ടും
ഭൂതനായകാ നീ കാത്തിടേണേ
ആശ്രിതജനവത്സലരൂപാ
ആശ്രിതർക്കു ദയാകരാദേവാ
പമ്പയാം നദീതീരേ പിറന്നു
തമ്പുരാനേ തൊഴാം തൊഴാം നിത്യം

—!o!—

## 6 അയ്യപ്പൻ തിന്തകത്തോം

[ശബരിമലയിലേക്കു് പോകുന്ന ഭക്തജനങ്ങൾ എരുമേലി അമ്പലത്തിൽ പേട്ടതുള്ളൽ എന്ന ഒരു ചടങ്ങു് നടത്തുക പതിവുണ്ടു്. ധനുമാസം 20-ാംനു-മുതലാണു് പേട്ടതുള്ളൽ എന്ന കർമ്മം ആരംഭിക്കുന്നതു്.

പേട്ട തുള്ളുന്നതിനുവേണ്ടി ഉപയോഗിക്കേണ്ടതായ ഒരു ഗാനമാണിതു് —]

അയ്യപ്പൻ തിന്തകത്തോം
സ്വാമീ തിന്തകത്തോം....
ഭൂതേശാ തിന്തകത്തോം
സർവ്വേശാ തിന്തകത്തോം

മലകേറാനെത്തിടുന്നു
എരുമേലിയമ്പലത്തിൽ
ഇവിടുത്തെപ്പേട്ട തുള്ളൽ
വഴിപാടായ് ചെയ്തിടുന്നേൻ
അയ്യപ്പൻ തിന്തകത്തോം
സ്വാമീ തിന്തകത്തോം
ശബരീശാ ഭൂതനാഥാ
സകലേശാ സർവ്വനാഥാ
വരമേകൂ ദേവദേവാ
ഭഗവാനേ നീയഭയം
അയ്യപ്പൻ തിന്തകത്തോം
സ്വാമീ തിന്തകത്തോം
ജനനാഥാ തിന്തകത്തോം
ജഗദീശാ തിന്തകത്തോം
പടിയെട്ടും പത്തുമല്ലോ
ശബരീശാ തിന്തകത്തോം
അയ്യപ്പൻ തിന്തകത്തോം
സ്വാമീ തിന്തകത്തോം
ഭുവനേശാ തിന്തകത്തോം
ഹരിപുത്രാ തിന്തകത്തോം
തവ പാദമാശ്രയം മേ
ജനനാഥാ തിന്തകത്തോം
അയ്യപ്പൻ തിന്തകത്തോം
സ്വാമീ തിന്തകത്തോം
തവ പാദദർശനത്തി—
നനുവാദം നീ തരേണം

അഭിലാഷം സാഫല്യമാക്കാ—
നവനീശാ നീ തുണയ്ക്കു
അയ്യപ്പൻ തിന്തകത്തോം
സ്വാമീ തിന്തകത്തോം....
അയ്യപ്പൻ തിന്തകത്തോം
സ്വാമീ തിന്തകത്തോം....

—!ം!—

## 7 അയ്യപ്പപാഹിമാം

(പാന....)

പന്തളേശന്റെ നന്ദനനാകിയ
ശർമ്മദനാകുമയ്യപ്പ പാഹിമാം
താരകബ്രഹ്മ മൂർത്തിയായ് തീർന്നൊരു-
ലോകപാലക നയ്യപ്പ പാഹിമാം
ദുഷ്ടരെക്കൊല ചെയ്യാൻ ജനിച്ചൊരു
ശിഷ്ടമൂർത്തിയാ മയ്യപ്പ പാഹിമാം
കാനനാന്തേ വസിച്ചു ലസിച്ചൊരു
കാമകോമള നയ്യപ്പ പാഹിമാം
ലോകമീരേഴുമൊന്നായ് ജയിച്ചൊരു
ലോകനായക നയ്യപ്പ പാഹിമാം
ഭദ്രരൂപാ പുരുഷോത്തമ സുതാ
നിർമ്മലാരുദ്ര നന്ദനാ പാഹിമാം
പൊന്മണിമാല ചാർത്തിലസിച്ചിട്ടും
സുന്ദരാകൃതേ ശാസ്താവേ പാഹിമാം

നിന്മനോഹരരൂപവും ഭാവവും-
മിമ്മഹിയിൽ മറക്കുമോ മാനവൻ?
വിഷ്ടപങ്ങൾക്കധീശനായ് തീർന്നോരു
ദുഷ്ടനിഗ്രഹ നയ്യപ്പ പാഹിമാം....
കാളകണ്ഠനുമയ്യം വളർത്തിയ
ചാരുവിഗ്രഹാ അയ്യപ്പ പാഹിമാം
അഷ്ടദിക്പാലരെട്ടുപേരും സദാ
തുഷ്ടരായിപ്പുകഴ്ത്തുന്ന ദൈവമേ
ശ്രീകുമാര സഹോദരാ കൈതൊഴാം
ശ്രീനിധേനിത്യ മയ്യപ്പ പാഹിമാം
ശ്രീ ഗണേശസഹോദരാ ദൈവമേ
ദേവദേവനാ മയ്യപ്പ പാഹിമാം
ചാരുകൈലാസ ഭൂമിയിൽ ജീവിത
സാരമൊക്കെ ഗ്രഹിച്ചൊരു ദൈവമേ
ആശ്രിതപ്രിയാ മുക്തിപ്രദായകാ
ശാശ്വതാകാരനയ്യപ്പ പാഹിമാം
ചുരികയാലേ യരാതിവർഗ്ഗങ്ങളെ-
സ്സകലവും നശിപ്പിച്ചൊരെ ന്നീശ്വരാ
നിരുപമാകൃതേ നിത്യമനോഹരാ
ധരതന്നീശ്വര നയ്യപ്പ പാഹിമാം
പമ്പയെന്ന നദിയുടെ തീരത്തിൽ
തമ്പുരാൻ നീ പിറന്നതു മുന്നമേ
കന്മഷങ്ങളകററുവാൻ മന്നിനു-
നന്മനൽകുവാ നയ്യപ്പ പാഹിമാം!

—!o!—

# 8 മഹിഷീമർദ്ദകൻ

(മഞ്ജരി)

കൈലാസവാസിയാ മയ്യപ്പസ്വാമിയേ
കൈതവംകൂടാതെ കാത്തിടേണം
ജന്മസാഫല്യം വരുത്തുവാൻ, നീനിത്യ-
മെന്നെത്തുണയ്ക്കണം തമ്പുരാനേ
നീലിമലയിൽ വിളങ്ങുന്നദൈവമേ
നീതന്നെയല്ലോ ശരണമെന്നും
പാലാഴിമദ്ധ്യത്തിൽ പള്ളികൊള്ളുംലോക
നായകനായിട്ടുമംബുജാക്ഷൻ
കൈലാസംതന്നിലിരുന്നരുളീടുന്ന
കൈലാസനാഥനാം ഭൂതനാഥൻ
കാരണമായല്ലോ നിൻ ജനനത്തിനു
കാരുണ്യരൂപാ കടാക്ഷിക്കണേ
ലക്ഷ്മീഗിരിജമാർ പാലൂട്ടിലാളിച്ച
ലക്ഷണമൊത്ത കുമാരകൻനീ
ആയോധനപ്രിയനായ നീയല്ലയോ
രാക്ഷസവർഗ്ഗത്തെ നിഗ്രഹിച്ചു?
ഭക്തജനത്തിനനുഗ്രഹമേകുന്ന
മുക്തിസ്വരൂപനാം ദേവദേവാ
പന്തളാധീശ കരപരിലാളിതാ
സന്തതം നിൻപാദം കുമ്പിടുന്നേൻ
മൂന്നുലോകത്തെയും ധിക്കരിച്ചീടുന്ന
മൂഢമഹിഷി തന്നന്തകനായ്

പന്തളത്തിന്നൊരു സൌന്ദര്യധാമമായ്
ധർമ്മശാസ്താവായ് ജനിച്ചുമന്നിൽ
ലോകപിതാവാം ശിവനിൽനിന്നല്ലയോ
വേദങ്ങളൊക്കെനീ യഭ്യസിച്ചു?
മഞ്ജുളമാം മണിമാലവിളങ്ങിടും
നിൻമഞ്ജുരൂപംഞാൻ വന്ദിക്കുന്നു.
സ്വാമിശരണം ശരണംനീ ശാസ്താവേ
ഭൂതേശനിൻപദം കുമ്പിടുന്നേൻ
അമ്പിളിതൻകല ചൂടിയതമ്പുരാ-
നിമ്പമാർന്നല്ലോ വളർത്തിനിന്നെ?
ശ്രീ ഭൂതനായകനാകിയ ശാസ്താവേ
കാരുണ്യവാരിധേ കൈതൊഴുന്നേൻ
ലൌകിക ദുഃഖമകററുവാനായ്സദാ
കാനനവാസീയായ് തീർന്നദേവാ
അയ്യപ്പസ്വാമീശരണംശരണംനിൻ
പൊന്മലർതോല്ക്കുമടികൾരണ്ടും!
ഭക്തജനത്തിനനുഗ്രഹമേകുന്ന
ശക്തിയെക്കുപ്പുക കൂപ്പുകനാം

—o—

## 9 പരമപുരുഷജ്ഞാനം

(നതോന്നത)

പരായഗുപ്തനായ് വരിഷ്ഠദേവനായ്
പരിലസിക്കുന്ന മഹിമയേതൊന്നോ
ജഗന്നിയന്താവായ് ജഗദധീശനായ്
പരിലസിക്കുന്ന മഹിമയേതൊന്നോ?

വിവിധഭൂതങ്ങൾക്കധീശനാകിയ
വിഭൂതിനായകൻ ജഗദധീശ്വരൻ
ശബരിമാമലയിരുന്നരുളീടും
സകലനാഥനേ ശരണമയ്യപ്പാ
സുരഗണാദികൾ, മുനിജനങ്ങളും,
നിതാന്തമങ്ങയെപ്പരിചരിയ്ക്കുന്നു
നലമൊടുതവ തിരുവുടലെന്റെ
മനതളിരിലായ് തെളിഞ്ഞുകാണണേ
കുതുകമൊടെനീ യടവിയിൽവാണ
കലികുലാന്തക ശരണമയ്യപ്പാ
ദുരിതനാശകാ, ദയാപയോധിയേ
ഗിരിജതൻസുതാ ശരണമയ്യപ്പാ
അമിതദുഃഖമാർന്നഭയമെത്തിടും
ജനകുലത്തിനു വെളിച്ചമേകുവാൻ
അടിമലരിലായടിമയായിതാ
സദാപിവീഴുന്നു ശരണമയ്യപ്പാ
വിബുധവന്ദിതാ വിബുധ പൂജിതാ
അനാഥരക്ഷകാ ശരണമയ്യപ്പാ
അധർമ്മമീമന്നിൽ തലയുയർത്തവേ
കടപിഴുതിടാൻ ജനിച്ചോരയ്യപ്പാ
ശരണമയ്യപ്പാ ശരണമയ്യപ്പാ
ഗുണഗണനിധേ ശരണമയ്യപ്പാ
ജഗൽപിതാമഹനജനരുളിയ
വിവിധനാമങ്ങളെഴുന്നൊരീശ്വരാ
ഉമയും, പിന്നെയാരമയും പോററിയ
ജഗന്നിയന്താവേ ശരണമയ്യപ്പാ

കരകാണാത്തുള്ള കഠിനപാപത്തിൽ
കയത്തിലായ് നീന്തിത്തുടിയ്ക്കുമെന്നെനീ
കരകയററണേ പരമപൂരുഷാ
ശരണംശരണം നീ ശരണംശാസ്താവേ
സുരുചിരപ്രഭാ, ശരണമയ്യപ്പാ
വരമരുളണേ ശരണംശാസ്താവേ
അനുദിനം ഹൃത്തിലെഴുന്നൊരജ്ഞാന-
കലിമലങ്ങളെയകററിടേണമേ
ഗിരിജതൻസുതാ ശരണമയ്യപ്പാ
പരമപൂരുഷാ ശരണമയ്യപ്പാ....

—:—

## 10 കരകേററുക!

(നരനായിങ്ങിനെ ...... )

കരകാണാത്തുള്ള കടലിലിങ്ങിനെ
ഇരുളിൽഞാൻ നീന്തിവലയുമ്പോഴും
കരകേററീടേണം കരകേററീടേണ-
മഴലിൽനിന്നെന്നെഭഗവാനേ....
ഗിരിജതൻ കരതളിരിലാനന്ദ-
മഴകിൻപൂവാരിവിതറുന്നോൻ
പരമപൂരുഷനനുദിനമെന്നിൽ
കൃപചൊരിയട്ടേയനുവേലം
അഴുതതൻതീരത്തതിഘോരയാകും
മഹിഷിയെക്കൊന്ന ഭഗവാനേ

ചുരികയുമമ്പു മതീധന്യമാകു-
മിരുമുടിക്കെട്ടും പൂവമ്പും
കരിനീലവസ്ത്രമഴകിൽച്ചുററിയു-
മതിനുമേൽകച്ച മണിച്ചേർത്തും
മണിനാദത്തോടെ മണികണ്ഠാനിത്യം
കളിയാട്ടചിത്തകമലത്തിൽ
അകലെപ്പമ്പയിൽ, ലഴുതയിൽ, നീലി-
മലയിൽനീയെന്നും കളിയാടി
കമനീയകാന്തികലരും പൂമേനി
യനിശംകാണാവൂ ഭഗവാനേ
ശബരിമാമലയരുളും ശാസ്താവേ
ശബരീശാ നിൻെറമഹിമകൾ
എവനുവർണ്ണിക്കാൻ കഴിയുമീമന്നി-
ലവനല്ലോനിത്യം കൃതകൃത്യൻ
പറയുവാൻനാക്കൊരായിരമുള്ള
ഫണിയും തോററുപോം ചരിതങ്ങൾ
അറിയുന്നോരാരുമവനിയിലില്ലാ
ശബരീശാധമ്മശാസ്താവേ
കലികാലത്തിൻെറ മലിനഭാവങ്ങ-
ളഖിലവും മാററിയഴകേററാൻ
കഴിയുന്നോനല്ലോ, ജഗദീശ, നീ-നിൻ-
മഹിമകളാരുണ്ടറിയുന്നു?
പുലികളാണല്ലോക്കൂട്ടുകാർ; നാട്ടിൽ
മനുജരോനിൻെറ സഹജരും
അവനിയിലേതുദേവനീവിധം
കഴിയുവാൻ മന്നിൽകഴിയുന്നു?

ഭവദേവൻതൻെറ മകനായീമന്നി-
ലവതരിച്ചോരുഭഗവാനേ
തവപാദംതന്നെ തവപാദംതന്നെ-
യവനിയിൽ ഞങ്ങറംക്കാശ്രയം!

—*—

## 11 അയ്യപ്പസ്വാമി പുലിപ്പാലിന്നു പോയ കഥ!

പരമശിവൻതൻെറ നന്ദനനായ്
പരിചിലീമന്നിൽ പിറന്നദേവാ
കലിമലദ്ധ്വംസകാപുണ്യമൂർത്തേ
പരിചോടുനീ കാത്തിടേണമെന്നെ
സുരവരപൂജിതാ പുണ്യമൂർത്തേ
ജനനായകാ നവചാരുമൂർത്തേ
കദനത്തിൻ തീവെയിലേററുവാടും
മഹിയിലെ മാനവജീവിതത്തെ
സദയം സമുദ്ധരിച്ചീടുവാനായ്
ധരണിയിൽവന്നു പിറന്നദേവാ
തവപദപുണ്യസരോരുഹങ്ങറം
കമനീയമോഹന തൃപ്പദങ്ങറം
ജനകോടികറംക്കിന്നഭയമേകു
ജനതയ്ക്കു ധർമ്മോപദേശംചെയ്യു
പാവനജീവിതമൂല്യമല്ലോ
മാനവധർമ്മത്തിന്നസ്ഥിവാരം

38816

ഊരെക്കലിമലതന്നിലെത്തി
നീലവസ്ത്രത്തെയുടുത്തദേവാ
പാൎവ്വതിതൻ കരതാരിണങ്ങിൽ
പാരംവളൎന്നമനോജ്ഞരൂപാ
അഷ്ടദിക്പാലരും ദേവ്യകളും
നിത്യവുംവന്നു വണങ്ങുംദേവാ
പണ്ടുപണ്ടാണുപോൽ പന്തളത്തിൽ
തമ്പുരാൻതന്നുടെ റാണിയാറാംക്കായ്
രോഗശാന്തിയ്ക്കു ഭിഷഗ്വരന്മാർ
പാരംവിധിച്ച മരുന്നുകിട്ടാൻ
തള്ളപ്പുലിയുടെ പാലുകിട്ടാ-
നങ്ങുവനത്തിലലഞ്ഞനേരം
കണ്ടമഹിഷിയെ യക്ഷണത്തിൽ
തന്നെയഴുതയിൽ കൊന്നുമൂടി
ദേവഗണത്തെ പ്പുലികളാക്കി
നീ വന്നുചേൎന്നല്ലോ പന്തളത്തു്
ഘോരാട്ടഹാസം മുഴക്കിയെത്തും
കാട്ടുപുലികളെക്കണ്ടനേരം
പേടിച്ചൊളിച്ചില്ലേ മാനവന്മാർ
പേടിച്ചൊളിച്ചുപോയ് മന്ത്രിവൎയ്യൻ
ദേവനാകുംപുലിപ്പുറത്തു്
നീയിരുന്നല്ലോ മഹാനുഭാവൻ
ഏതു പുലിയുടെ പാലുവേണം
വേഗത്തിൽവന്നു കറന്നെടുക്കൂ
തള്ളപ്പുലിയുടെ പാലുവേണോ
പുള്ളിപ്പുലിയുടെ പാലുവേണോ?

...YAM PUBLIC LIBRARY ...AYAM.

38816

വരിയൻ പുലിയുടെ പാലുവേണോ
കരിയൻ പുലിയുടെ പാലുവേണോ?
ആരാരുമില്ലല്ലോ പാൽകറക്കാൻ
കാണ്മാനില്ലല്ലോ ഭിഷഗ്വരന്മാർ
മന്ത്രിയുമില്ല ജനങ്ങളില്ലാ
പൊന്നയ്യൻ മുററത്തുവന്നുനില്പൂ
വൻപുലിക്കൂട്ടം പശുക്കളെപ്പോൽ
മുററത്തുമേഞ്ഞുനടന്നിടുന്നു
റാണിയ്ക്കുവേണ്ടാ ചികിത്സയൊട്ടും
റാണിതൻ രോഗംമൊക്കെഭേദമായി
ഇങ്ങിനിയെന്നും വരാത്തവണ്ണം
രോഗമോപമ്പകടന്നുവല്ലോ!
വേണ്ടിനിവേണ്ടാ പുലിയുടെപാൽ
രാജ്ഞിയ്ക്കുരോഗവും ഭേദമായി
അയ്യനോടൊപ്പ മവിടെവന്ന
വൻ പുലിക്കൂട്ടത്തെക്കണ്ടതില്ലാ

—!!—

## 12 ഹരിഹരസുതൻ

ശരണംശരണം ഹരിസുതനേ
ശരണം ശംഭുപ്രിയസുതനേ
പാപവിമോചനനായവനേ
ഈരേഴുലകിന്നുടയവനേ
ഗൌരീനന്ദനനായവനേ
രമതൻ നന്ദനനായവനേ

ശരണംശരണം ഹരിസുതനേ
ശരണം ശംഭുപ്രിയസുതനേ
സർവ്വമുനിസ്തുതനായവനേ
ദേവഗണപ്രിയനായവനേ
അഖിലജഗത്തിൻ നായകനേ
അഖിലജനോത്സുകനായവനേ
ശരണംശരണം ഹരിസുതനേ
ശരണം ശംഭുപ്രിയസുതനേ
ത്രിഭുവനരക്ഷകനായവനേ
ത്രിനയന നന്ദനനായവനേ
ശരണംശരണം ഹരിസുതനേ
ശരണം ശംഭുപ്രിയസുതനേ

—!!—

## 13 ഈശ്വരസ്തോത്രം

(അനുഷ്ടുപ്പ്...)

സർവ്വാഭീഷ്ടപ്രദംദേവം
ത്രിനേത്രസുതമീശ്വരം
സദാവന്ദേ ദേവദേവ-
മീശ്വരീപ്രിയദർശനം
മണികണ്ഠംസർവ്വപൂജ്യം-
മമരേശാർച്ചിതംപദം
സദാവന്ദേദേവദേവ-
മമൃതംകാലകാലജം

കാളകണ്ഠപ്രിയസുതം
കാലപൂജിതമീശ്വരം
സദാവന്ദേദേവദേവ-
മമരംപാരമേശ്വരം
സർവ്വസ്തുതംസർവ്വപൂജ്യം
നാരദാദിമുനിസ്തുതം
കാലകാലാത്മജം വന്ദേ
സർവ്വദാകലിദോഷഹം
നിത്യംമുനിജനൈസേവ്യം
സ്തുത്യപാദസരോരുഹം
പമ്പാതീരാധിവാസംതം
ശംഭുജംപ്രണമാമ്യഹം
ശബരീപൂജിതപദം
ശബരീപർവ്വതസ്ഥിതം
സകലേശംസർവ്വവന്ദ്യം
ശബരീശംഭജാമ്യഹം
സുജനൈസ്സേവിതംവന്ദ്യം
സുബ്രഹ്മണ്യസ്യസോദരം
ഗജാനനപ്രിയംവന്ദേ
സദാപാപഹരംപരം
മഹനീയജനൈഃപൂജ്യം
മഹിഷീകാലമീശ്വരം
മഹനീയംദേവദേവ-
മനിശംപ്രണമാമ്യഹം
ആപാദചൂഡമധുര-
മിന്ദിരാപ്രിയദർശനം

സതതംത്വൽപദംവന്ദേ
കലികാലഭയാപഹം
ദ്വാപരാദിസ്തുതം ദേവം
വാമദേവസുതാം പരം
ഉമാദേവീലാളിതംതം
സർവ്വേശം പ്രണമാമ്യഹം
അഷ്ടദിക്പാലകൈസ്സേവ്യം
അഷ്ടദിഗ്ഗജവന്ദിതം
ഗജാനനപ്രിയംദേവം
ശബരീശം ഭജാമ്യഹം
ആർത്തിദുഃഖഹരംദേവം
ആർത്തത്രാണ പരായണം
സ്മൃത്യാദിപൂജിതം സർവ്വ-
സ്തുത്യംദേവം ഭജാമ്യഹം
ഇന്ദ്രാദിദേവസംപൂജ്യം
ഇന്ദിരാകര ലാളിതം
ഇന്ദുശ്രീധരനാമീശ
നന്ദനം ഭാവയാമ്യഹം
സർവ്വപ്രിയം സർവ്വപൂജ്യം
സർവ്വനന്ദനമീശ്വരം
സർവ്വദോഷാപഹംദേവം
ശബരീശാ സ്മരാമ്യഹം
കലമുഖ്യം ജനൈസ്സേവ്യം
സകലപ്രിയമീശ്വരം
ജിതേന്ദ്രിയം ദേവസുത-
മീശ്വരം പ്രണമാമ്യഹം

ത്രിപുരാരിസുതംദേവം
ത്രിദശൈസ്സേവിതംപരം
പരമേശം മനോരമ്യ-
മീശ്വരംപ്രണമാമ്യഹം
പമ്പാതീരനിവാസംതം
പന്തളേശപ്രിയംകരം
ഇന്ദിരാവന്ദിതംദേവം
പരമേശംഭജാമ്യഹം
സംസ്തുതം സർവ്വസംപൂജ്യം
നിസ്തുലംവ്യാഘ്രവാഹനം
നിത്യപ്രിയംകരംദേവം
നിത്യവന്ദിതമീശ്വരം
ശരണംശരണംനിത്യം
തവപാദസരോരുഹം
സതതംശരണംദേവാ-
ത്വൽപദംനിത്യമാശ്രയേ-

—!!—

## 14 പുലിവാഹനൻ

(നാദബിന്ദുകലാദി ...)

ആദിമദ്ധ്യാന്തഹീനനായീശനായ്
ഭൂതലത്തിൽ പിറന്ന മഹാമതേ
ശ്രീസുതാദേവ ദേവേന്ദ്രപൂജിതാ
ശ്രീമണികണ്ഠ ദേവാനമോസ്തുതേ

നാലുവേദങ്ങളാറുശാസ്ത്രങ്ങളും
പൂജചെയ്യുന്ന നിൻപാദപങ്കജം
നിത്യമീമന്നിനാശ്രയമീശ്വരാ
നിസ്തുലാദേവദേവാ നമോസ്തുതേ
സോമചൂഡപ്രിയസുതനായിടും
ഭൂതലേശാ മനോജ്ഞാനമോസ്തുതേ
ഘോരകാന്താരമദ്ധ്യത്തിൽ വാണിടും
ദേവദേവാ ഗിരീശാനമോസ്തുതേ
പാരിലീശനായ് മാനവദാസനായ്
പാപദുഃഖമകററും മഹേശനായ്
പമ്പയാം നദീതീരേപിറന്നുനീ
പന്തളേശന്റെ പുത്രനായ്തീർന്നുനീ
അദ്രികന്യകയാകിയപാർവ്വതി
നിന്നെയല്ലയോലാളിച്ചതീശ്വരാ
പുണ്യകൈലാസപർവ്വതസീമയിൽ
പുണ്യവാനായ് കളിച്ചുവളർന്നുനീ
ഘോരകാന്താര വേദിയിലെപ്പൊഴും
താമസിക്കാൻ കൊതിച്ചോരെന്നീശ്വരാ
പുണ്യമൂർത്തേനമസ്തേ പദാംബുജ-
മെന്നുമീമന്നിനാശ്രയമീശ്വരാ
ആതുരപ്രിയനാകിയ നിൻപദ-
താരുതന്നേ ജഗത്തിനിന്നാശ്രയം
ചെന്തളിരൊളിചിന്നിമിന്നീടുന്ന
നിൻപദങ്ങളാണാശ്രയമീശ്വരാ
വാപരാദികളൊത്തു ഭയംകര-
കാനനത്തിൽ വസിക്കുന്നോരീശ്വരാ

ധർമ്മശാസ്താവാം നിൻപദമല്ലയോ
മന്നിനാശ്രയമാശ്രയമെന്നുമേ
കാലകാലാത്മജനായ് വിളങ്ങുന്ന
മായാമോഹന വൻപുലിവാഹനാ
മന്നിനെന്നുമേനീതന്നെയാശ്രയം
മർത്ത്യനാശ്രയം നിൻപദപങ്കജം

—ഃ—

## 15 കരിമലയിൽ

കമനീയകൈലാസ ഭൂമിതന്നിൽ
കളിയാടുമീശ്വരാ ദേവദേവാ
മഹിഷിക്കുമോക്ഷം കൊടുക്കുവാനായ്
മഹിയിൽനീവന്നു പിറന്നതല്ലേ?
കലികാലദുഃഖമകററുവാനായ്
കളിയാടിയാനന്ദനൃത്തമാടി
കരിമലതന്നിൽ കുടിയിരുന്നു
കമനീയമൂർത്തിയാമീശപുത്രൻ
അനിശമീമന്നിനുശാന്തിയേകാ-
നവതരിച്ചോരു മഹേശപുത്രാ
കരിമലകേറുമീ ഭക്തരെനീ
സതതമനുഗ്രഹിക്കേണമീശാ
ഇരുമുടിക്കെട്ടും നിറച്ചുകൊണ്ടേ
തവപദം തേടികൗതുകമോടെ
വരുമിജ്ജനങ്ങളെയൊക്കെയുംനിൻ
സവിധത്തിലെത്തിക്കാൻ കൈതൊഴുന്നേൻ

കരികളും കാട്ടുപുലികളുംഹാ
കളിയാടും നീലിമലമുകളിൽ
ഭയലേശമേശാതെ വാണിടുംനിൻ
കഥയെല്ലാമത്ഭുതമത്ഭുതംതാൻ
കമനീയമാം മണിനിന്റെകണ്ഠേ
അണിയിച്ചുലോകപിതാമഹൻതാൻ
അതിനാൽമണികണ്ഠനായിനിത്യ-
മഖലേശാപന്തളഭൂപപുത്രാ
അകതാരിലാനന്ദമേററിടുന്ന
മഹനീയരൂപനാം ദേവദേവാ
ഗിരിജയുമിന്ദിരാ ദേവിതാനും
പരിലാളിച്ചോരുനിൻപൊന്നുടലിൽ
കരിനിറമാണ്ടൊരു കച്ചകെട്ടി
കരിമലതന്നിലിരുന്നരുളി
കമനീയമൂത്തിയാം നിൻചരിത-
മഖിലക്കുമത്ഭുതംതന്നെയല്ലോ
പരിപൂതജീവിതദർശനത്തി-
ന്നവതാരമാന്നമഹേശപുത്രാ
കരിമലക്കാട്ടിൽ തപസ്സിരുന്ന
ശബരിക്കുമോക്ഷംനീനൽകിയില്ലേ
അതുപോലെമാനവക്കൊക്കെമോക്ഷ-
മരുളണേസവ്വേശഭൂതനാഥാ!

—:—

## 16 ഗജമുഖസഹജൻ

ഗജമുഖസഹജാ അയ്യപ്പാ
ജഗദധിനായകനയ്യപ്പാ
ഗജമുഖസഹജാ ജഗദധിനായക
ശരണം നീയാണയ്യപ്പാ
അഖിലജനപ്രിയനയ്യപ്പാ
നിഖിലാധീശ്വരനയ്യപ്പാ
അഖിലജനപ്രിയ നിഖിലാധീശ്വര
ശരണം നീയാണയ്യപ്പാ
ശങ്കരതനയാ അയ്യപ്പാ
സങ്കടനാശകനയ്യപ്പാ
ശങ്കരതനയാ സങ്കടനാശക
ശരണംനീയാണയ്യപ്പാ
വൻപുലിവാഹനനയ്യപ്പാ
പമ്പാതീരജനയ്യപ്പാ
വൻപുലിവാഹന പമ്പാതീരജ
ശരണംനീയാണയ്യപ്പാ
ദേവജനപ്രിയനയ്യപ്പാ
മാമുനിവന്ദിതനയ്യപ്പാ
ദേവജനപ്രിയ മാമുനിവന്ദിത
ശരണംനീയാണയ്യപ്പാ
ഇന്ദ്രാദിപ്രിയനയ്യപ്പാ
ചന്ദ്രാദിപ്രിയനയ്യപ്പാ
ഇന്ദ്രാദിപ്രിയ ചന്ദ്രാദിപ്രിയ
ശരണംനീയാണയ്യപ്പാ

പമ്പാധീശ്വരനയ്യപ്പാ
പന്തളരക്ഷകനയ്യപ്പാ
പമ്പാധീശ്വര പന്തളരക്ഷക
ശരണംനീയാണയ്യപ്പാ
പാൎത്ഥലനായകനയ്യപ്പാ
പാൎത്ഥിവപുത്രാഅയ്യപ്പാ
പാൎത്ഥലനായക പാൎത്ഥിവപുത്രാ
ശരണംനീയാണയ്യപ്പാ
സൎവ്വാധീശ്വരനയ്യപ്പാ
ഇന്ദ്രിയനിഗ്രഹനയ്യപ്പാ
സൎവ്വാധീശ്വരഇന്ദ്രിയനിഗ്രഹ
ശരണംനീയാണയ്യപ്പാ
നിത്യമനോഹരനയ്യപ്പാ
നിസ്തുലനാം പൊന്നയ്യപ്പാ
നിത്യമനോഹരനിസ്തുലപൂജിത
നീയേശരണംഅയ്യപ്പാ.

—:—

## 17 ധൎമ്മശാസ്താവ്

നിത്യനിരാമയൻ നിസ്തുലമോഹനൻ
സത്യസ്വരൂപനാ ണയ്യപ്പൻ
ആമോദമെങ്ങും വളൎത്താൻജനിച്ചവ=
നാനന്ദരൂപിയാണയ്യപ്പൻ
ഭാസുരജീവിതമാരചിച്ചീടുവോൻ
വാസുദേവാത്മജനയ്യപ്പൻ

ധർമ്മജയക്കൊടിമന്നിലുയർത്തിയ
ധർമ്മശാസ്താവാണയ്യപ്പൻ
ചന്ദ്രക്കലാധരനന്ദനനീശ്വരീ-
നന്ദനനാണെന്നയ്യപ്പൻ
വൻപെഴും മന്ത്രിയെക്കൊമ്പുകുത്തിച്ചവൻ
വൻപുലിവാഹനനയ്യപ്പൻ
സത്യസ്വരൂപിയാണയ്യപ്പൻ
നിസ്തുലൻ ശ്രീമയനയ്യപ്പൻ
ഘോരമഹിഷിയെക്കൊന്നു ജഗത്തിന്നു
ശാന്തിയേകീപണ്ടയ്യപ്പൻ
പമ്പാനദീതടഭൂമിയിൽ പണ്ടഹോ
വന്നു പിറന്നവനയ്യപ്പൻ
മോഹനമാം മണി കണ്ഠത്തിലുള്ളൊരു
മോഹനരൂപിയാണയ്യപ്പൻ
ശാശ്വതധർമ്മമീമന്നിന്നരുളുവാൻ
ശാസിതാവായ് പണ്ടയ്യപ്പൻ
ചന്ദ്രക്കലാധരനന്ദനനായ് പണ്ടു
മന്നിൽ ജനിച്ചവനയ്യപ്പൻ
പാലാഴിതൻമകൾക്കോമനപ്പുത്രനായ്
ഭൂമൌജനിച്ചവനയ്യപ്പൻ
നീലിമലയിൽ കളിച്ചുകഴിഞ്ഞവൻ
ഘോരകലികാല നിർമ്മുക്തൻ
ശാശ്വതധർമ്മമാം ഗീതയീമന്നിനു
ശാസ്താവരുളിയതാണല്ലോ
ഇന്ദ്രാദിവന്ദിതനിന്ദ്രിയനിഗ്രഹൻ
നിർമ്മലനാണീയയ്യപ്പൻ

ഈരേഴമന്നിനുമാശ്രയമായ്തീന്നു
മോഹനരൂപിയാണയ്യപ്പൻ
ദുഃഖങ്ങളെല്ലാമകററണേനിത്യവും
സത്യസ്വരൂപനാമയ്യപ്പാ ...

—ഃ—

KOTTAYAM PUBLIC LIBRARY
KOTTAYAM.

## 18 മന്ത്രിയുടെ ചതി

ശബരിഗിരീശ്വരനായദേവാ
ശരണംനീയെന്നുമേ ദേവദേവാ
ഭക്തജനങ്ങൾക്കഭയമല്ലാ
നിസ്തുലനായ നീതന്നെയെന്നും
ഘോരമഹിഷിയെക്കൊന്നദേവാ
പാപവിനാശകപുണ്യരൂപാ
മന്ത്രിചെയ്തോരു ചതിപ്പണിയെ
വെന്നുധമ്മക്കൊടിനാട്ടിയോനേ
വാപരൻമാക്കട്ടരവനും
കാവലിനായ് നിനക്കുണ്ടുനിത്യം
കാട്ടാളകന്യ ശബരിനിന്നെ
കാട്ടിൽവെച്ചല്ലോ തപസ്സുചെയ്തു
അത്തപശ്ശക്തിയറിഞ്ഞുനീ താ-
നത്തന്വിതന്നടുത്തെത്തിയല്ലോ
മോക്ഷമവൾക്കുനീനൽകിയപ്പോൾ
പുഷ്പവഷംചെയ്തു ദേവതകൾ
പന്തളമന്നനുപുത്രനായി
പന്തളത്തിന്നധിനായകനായ്

മന്വന്തരനിത്യമധീശ്വരനായ്
വന്നുപിറന്നൊരുദേവദേവാ
ആശ്രിതവത്സലനായദേവാ
ആശ്രയംനീതന്നെ മന്നിനെന്നും
പന്ത്രണ്ടുവർഷംനീ പന്തളത്തിൽ
ശങ്കരപുത്രാവസിച്ചതില്ലേ?
ശ്രീപാണ്ഡ്യേശ്വരനന്ദനനായ്
ശ്രീദേവിതൻപ്രിയനന്ദനനായ്
ഭക്തപ്രിയനായിമന്നിനെന്നും
മുക്തിയേകും നവശക്തിയായി
വാണാകഥകളഖിലവുമീ
ഭൂവിലിപ്പോഴും മുഴങ്ങിടുന്നു
ആഭിചാരാദിപ്രവൃത്തിചെയ്തു
രാജാധിരാജസചിവനെന്നാൻ
നിൻപ്രിയതാതനാം ശങ്കരൻതാൻ
വന്നല്ലോതാപസവേഷമേന്തി
മന്ത്രതന്ത്രങ്ങളാൽ നിൻറരോഗം
തമ്പുരാനീശനുടനെമാററി
പൂർണ്ണപ്രകർഷംമുകന്നുനിന്നെ
പൂർണ്ണത്രയീശനാം തമ്പുരാനേ
ആശ്രിതവത്സലനായദേവാ
ആശ്രയംനീതന്നെ മന്നിനെന്നും!

— : —

## 19 മലകേറുന്നേരം

(കണികാണുന്നേരം....)

മലകേറുന്നേരം കനകവിഗ്രഹം
കണികാണാ കേണമയ്യപ്പാ
കരിനീലത്തുകിലരയിൽ കെട്ടിയും
മണിമാലനന്നായിളകിയും
ഇരുമുടിക്കെട്ടും കയ്യിലമ്പുമായ്
കണികാണാകേണം ഭഗവാനേ
അമരവന്ദിതാ ഭുവനവന്ദിതാ
പടിപതിനെട്ടുംകേറുമ്പോൾ
കരുണയേകണേകരുണക്കാതലേ
കലികാലാന്തകഭഗവാനേ
മലകേറുംനേരംകനകവിഗ്രഹം
കണികാണാകേണമയ്യപ്പാ
കരിമലതന്നിലരുളും ശാസ്താവേ
കമനീയരൂപാ ജഗദീശാ
ശബരിമാമലതന്നിൽവാഴുന്ന
ഗുണമേറും ദേവാജഗദീശാ
അലറിയെത്തുന്ന പുലിയിലേറിനീ
എഴുന്നള്ളേണമേ ഭഗവാനേ
മലകേറുന്നേരം കനകവിഗ്രഹം
കണികാണാകേണമയ്യപ്പാ
അഴുതയായിട്ടും നദിയുടെതീരേ
മഹിഷിയെക്കൊന്നഭഗവാനേ

അഖിലലോകത്തിന്നനുപമാനന്ദ-
മരുളുംസർവ്വേശാജഗദീശാ
പുരവൈരിതൻെറ മകനായീമന്നിൽ
ജനിയാർന്നനിൻെറ പദതാരിൽ
അനിശമർപ്പിപ്പുസകലവുമീശാ-
കരുണനീയെന്നിൽ ചൊരിയണേ
ഇഹജന്മത്തിലുമിനിയത്തെജ്ജന്മ-
മതിലുംനീയെന്നെക്കാക്കണേ
മലകേറുംനേരം കനകവിഗ്രഹം
കണികാണാകേണമയ്യപ്പാ
ഭുവനപാലകനായനിൻപാദ-
തളിരിലർപ്പിപ്പുസകലവും
അമരപൂജിതാശരണമേകണേ
സുരവരാർച്ചിതാ ഭഗവാനേ
മലകേറുംനേരം കനകവിഗ്രഹം
കണികാണാകേണമയ്യപ്പാ

—ഃ—

## 20 ഭജമണികണ്ഠം
(ഭജഗോവിന്ദം എന്ന രീതി....)

ഭജലോകേശം ഭജലോകേശം
ഭജലോകേശം സർവ്വേശം
ഭജഭൂതേശം ഭജഭൂതേശം
ഭജഭൂതേശം മണികണ്ഠം

കലിയുഗവരദാ ലോകേശാ
വരമരുളേണം സർവ്വേശാ
സകലജനോത്സവ മേകീടുമീശാ
തവ തൃപ്പാദം ശരണം മേ
കരുണാനിലയം മാമലയിൽ
കലികാലാന്തകനായ് നിത്യം
കളിയാടീടും ഭഗവാനേ
തവ തൃപ്പാദം ശരണം മേ
ഹരിഹരസുതനാമയ്യപ്പാ
വരമേകീടണമയ്യപ്പാ
സകലജനത്തിനുമഭയം നൽകണ-
മോങ്കാരാത്മകനയ്യപ്പാ
ഭജലോകേശം ഭജലോകേശം
ഭജലോകേശം സർവ്വേശം.

—!॰!—

## 21 കർമ്മസാക്ഷി

(പാന....)

നന്മ ലോകത്തിനേകുന്നൊരീശനായ്
കർമ്മസാക്ഷിയായ് വാഴ്ത്തീടുമയ്യപ്പാ
നിൻപദാംബുജമെന്നെന്നുമാശ്രയം
മന്നിലീശ്വരാ സർവ്വഭയാപഹാ
ഭൂമിയിലുള്ള സർവ്വചരാചര-
മാചരിക്കും നിൻവേദോപദേശങ്ങൾ

ശിഷ്ടരക്ഷകനായീജ്ജനിച്ചനീ
മുക്തിനൽകുവാൻ മന്നിന്ന നിത്യവും
കാലകാലനാ മീശന്റെ പുത്രനായ്
കാലകാലാന്ത വേദ്യനായീശനായ്
വാണിടുന്ന മഹേശ്വരാ നിൻപദ-
മാശ്രയം ജഗദീരേഴിനെപ്പൊഴും
പുണ്യരൂപനാം കല്യാണഗാത്രനെ
വന്നുകുമ്പിട്ടു നില്ക്കും ജനത്തിനായ്
നന്മനൽകി യനുഗ്രഹിച്ചീടുവാൻ
വൻ പുലിപ്പുറത്തേറിയോരീശ്വരാ
ലോകമീരേഴി നാനന്ദമേകണേ
ഭൂതനാഥാ ഗണാധിപസോദരാ!

—!o!—

## 22 ശബരിഗിരിവാസൻ

നീയേശരണം നീയേശരണം
ശബരീഗിരിവാസാ
കോമളമൂർത്തേ നീയേശരണം
ശബരീഗിരിവാസാ
അംബികതൻ പ്രിയസഹജാ
ഗൌരീനന്ദന നീയല്ലോ
ചിന്മയനായ് ശ്രീനിധിയായ്
മന്നിനുപുണ്യം പകരുന്ന
ആതങ്കങ്ങളകററുവതിന്നായ്
മന്നിൽജനിച്ചോരെൻ

ഭൂതേശ്വരനീശരണംതരണേ
നിൻതിരുവടിയെന്നും
ആനന്ദാമൃതദായകനല്ലോ
ശബരിഗിരീശൻനീ
കന്മഷനാശനനല്ലോനിത്യം
ശബരിഗിരീശൻനീ
നീയേശരണം നീയേശരണം
ശബരീഗിരിവാസാ
കോമളമൂർത്തെ നീയേശരണം
ശബരീഗിരിവാസാ
പമ്പാനദിതൻതീരംതന്നി-
ലൊരുണ്ണിപിറന്നല്ലോ
ഉണ്ണിയ്ക്കുണിയാൻ കണ്ഠംതന്നിൽ
മണിയൊന്നുണ്ടല്ലോ
ആമണികൊണ്ടേ മണികണ്ഠൻനീ
യായിത്തീർന്നല്ലോ
ശ്രീമണികണ്ഠാ ഭൂതേശാനീ
ശരണംനൽകണമേ
ആർത്തിജഗത്തിന്നഖിലവുമാററിയ
പാർത്ഥിട്ടിന്നീശാ
കാത്തരുളേണേ കരുണക്കടലേ
ശബരീഗിരിവാസാ
കാലാന്തകനായ്തീർന്നമഹേശന്റ-
തനയൻനീയല്ലോ
കലികാലമലദ്ധ്വംസകനല്ലോ
ശബരീഗിരിവാസൻ

പന്ത്രണ്ടാണ്ടുകൾ പണ്ടുവനത്തിൽ
വാണതുനീയല്ലോ
ശങ്കരസുതനാം ദേവാമന്നിന്നു
നീയാണാശ്രയമേ
പൊന്മകനില്ലാതന്തഃകരണം
നൊന്തൊരു രാജന്നായ്
പൊന്മകനായിപ്പമ്പാതീരേ
വന്നതു നീയല്ലോ
നീയേശരണം നീയേശരണം
ശബരിഗിരീവാസാ
കോമളമൂർത്തേ നീയേശരണം
ശബരിഗിരീവാസാ—
കൈലാസത്തിൽ കളിയാടീടിന
കോമളബാലകനായ്
കൈലാസേശന്റെ മാനസദുഃഖ—
മകററിയ മോഹനനേ
ഹിമവൽപുത്രീ കരപരിലാളിത-
നീശ്വരനേ—
പുലിയുടെ പാലിനു കാനനദേശേ
പോയതു നീയല്ലോ?
ദേവേന്ദ്രൻ വൻപുലിയായ് നിന്നെ
യേറെറാരു നേരത്തിൽ
വാനിൽനിന്നും ദേവകൾനിന്നെ—
വാഴ്ത്തിയതോക്കുന്നോ?

—!o!—

# 23 മണികണ്ഠസ്തോത്ര വിംശതി

മഹാകായം മനോരമ്യം
മനോജ്ഞം ശിവനന്ദനം
ശിവപ്രദം ധർമ്മരൂപം

1) മണികണ്ഠം ഭജാമ്യഹം
മഹിഷീമർദ്ദകം വീര-
മണിഭൂഷണ മുത്സുകം
വനവാസപ്രിയം ദേവം

2) മണികണ്ഠം ഭജാമ്യഹം
ഭൂതാധിപം വാമദേവ-
നന്ദനം പാപനാശനം
വിഷ്ണുപ്രിയം ദേവദേവം

3) മണികണ്ഠ ഭജാമ്യഹം
മോഹിനീ ഗർഭസംഭൂതം
മോഹനം മോഹനാശനം
കർമ്മദക്ഷം ജിതക്രോധം

4) മണികണ്ഠം ഭജാമ്യഹം
പന്തളേന്ദ്ര സുതംദേവം
പമ്പാതീരനിവാസിനം
ലോകേശ്വരം ഭൂതനാഥം

5) മണികണ്ഠംനമാമ്യഹം
ആശാനുരൂപഫലദം
ആശാപാശവിനാശനം
ഇന്ദ്രാദിസംസ്തുതംദേവം

KOTTAYAM PUBLIC LIBRARY KOTTAYAM

6) മണികണ്ഠംഭജാമ്യഹം
മഹോന്നതം സുരൈർവ്വന്ദ്യം
മോഹനം വിഷ്ണുനന്ദനം
കമനീയപ്രഭാപൂരം

7) മണികണ്ഠംഭജാമ്യഹം
ശരച്ചന്ദ്രനിഭംദേവം
പങ്കജാസനവന്ദിതം
പങ്കേരുഹനിഭംരമ്യം

8) മണികണ്ഠംഭജാമ്യഹം
ധനുശ്ശാസ്ത്രവിദഖ്യക്ഷം
സനകാദിമുനിസ്തുതം
നാരായണസുതംപൂജ്യം

9) മണികണ്ഠംഭജാമ്യഹം
കൈലാസവാസിനംദേവം
ജൈമിനീമുനിവന്ദിതം
രത്നപ്രഭാപുണ്യപൂരം

10) മണികണ്ഠംഭജാമ്യഹം
മാരുതീപൂജിതംനിത്യം
ശബരീവന്ദിതംപ്രിയം
വൈകുണ്ഠപുത്രംസർവ്വേശം

11) മണികണ്ഠംഭജാമ്യഹം
മധുരംനേത്രമധുരം
മധുസൂദനനന്ദനം
മഹേശ്വരംമഹദ്രൂപം

12) ഭൂതനാഥംഭജാമ്യഹം
ഗുഹപ്രിയംഗണാദ്ധ്യക്ഷ-

സഹജം, വൃഷ്വവാഹനം
ഗരുഡാദ്രിനിവാസംതം
15) മണികണ്ഠംഭജാമൃഹം
ഈശപുത്രംയോഗിവശ്യം
വന്ദനീയപദാംബുജം
ആപല്ഘ്നംദേവദൈവജ്ഞം
14) മണികണ്ഠംഭജാമൃഹം
പുണ്യരൂപംപ്രിയംദേവം
കണ്വാദിമാമുനിവന്ദിതം
പൂണ്ണരൂപംമരുൽപൂജ്യം
15) മണികണ്ഠംഭജാമൃഹം
ഈശാനതനയം നിത്യം
ചന്ദ്രാദിത്യാഭിവന്ദിതം
ജനാദ്ദനസുതം ദേവം
16) മണികണ്ഠം ഭജാമൃഹം
പമ്പാധിവാസം സാരജ്ഞം
പന്തളാധീശ വന്ദിതം
മോക്ഷപ്രദം മോക്ഷരൂപം
17) മണികണ്ഠം ഭജാമൃഹം
വത്സലം, പാവ്വതീപുണ്യ-
വത്സലം നയനോത്സവം
നിസ്തുലം രേണുകാപൂജ്യം
18) മണികണ്ഠം ഭജാമൃഹം
രമണീയം വിശ്വരൂപം
രമാകരവിലാളിതം
ഉമാസുതം രമൃഗാത്രം

19) മണികണ്ഠം ഭജാമ്യഹം
മനോഹരം രമാപുത്ര
ചിന്മയം പുണ്യനിർമ്മലം
സമ്മോദചിത്തം ഭൂതേശം
20) മണികണ്ഠം ഭജാമ്യഹം

—!o!—

## 24 അർച്ചന

### (കുമ്മി രീതി)

ആപത്തിലൈശ്വര്യം തരുന്നവനേ
ആപാദചൂഡ മനോഹരനേ
ആനന്ദമേകണേ ആതങ്കമൊക്കെയും
ശ്രീഭൂതനായകാ മാററിടേണേ
നിത്യവുമെന്മനതാരിന്നുള്ളിൽ
സത്യപ്രകാശം പരത്തുവാനായ്
ആദിമദ്ധ്യാന്തവിഹീനനാമീശ്വരാ
ശ്രീഭൂതനായകാ കാത്തിടേണേ
ദൂരെയാ നീലിമല മുകളിൽ
വാപരാദിപ്രിയതോഴരൊത്തു്
കേളിയാടീടുന്ന ഭൂതേശ നിൻപദ-
താരിണതോറും ഞാൻ കുമ്പിടുന്നേൻ
സത്യധർമ്മാദി വളർത്തുവാനായ്
നിത്യവും കഷ്ടം സഹിച്ചദേവാ
നീയല്ലോ സർവ്വവരങ്ങളുമേകുന്ന
നിത്യനിരാമയൻ ദൈവഭൂതൻ
നിത്യവും നിൻപദതാരിണയിൽ
പൂക്കളാലർച്ചന ചെയ്തിടുന്നേൻ!

—!o!—

## 25 പതിനെട്ടാംപടി

ഒന്നാകും പടികയറി
വന്നല്ലോ മലമുകളിൽ
രണ്ടാകും പടികയറാൻ
ഭൂതേശാ വരമരുള്ളൂ ...
മൂന്നാകും പടികയറാൻ
തവരൂപം കാണാനായ്
നാലാകും പടികയറാൻ
ഭൂതേശാ വരമരുള്ളൂ
അഞ്ചാകും പടികയറി
പൊന്മലയിലെത്തുമ്പോഠം
ആറാകും പടികയറാൻ
ഭൂതേശാ വരമരുള്ളൂ
ഏഴാകും പടികയറീ-
തവപാദം കണ്ടില്ലാ
എട്ടാകും പടികയറാൻ
ഭൂതേശാ വരമരുള്ളൂ
ഒമ്പതാകും പടികയറീ
തൃപ്പാദം മുകരാനായ്
പത്താകും പടികയറാൻ
ഭൂതേശാ വരമരുള്ളൂ
പതിനൊന്നാം പടിയല്ലോ
കാണുന്നു മലമുകളിൽ
പന്ത്രണ്ടാം പടികയറാൻ
ഭൂതേശാ വരമരുള്ളൂ

പതിമൂന്നാം പടിയല്ലോ
കാണുന്നു പരമേശാ
പതിനാലാം പടികയറാൻ
ഭൂതേശാ വരമരുളൂ
പതിനഞ്ചാം പടിയല്ലോ
കാണുന്നു മലമുകളിൽ
പതിനാറാം പടികയറാൻ
ഭൂതേശാ വരമരുളൂ
പതിനേഴാം പടികയറി
അടിയൻ വന്നെത്തുന്നു
പതിനെട്ടാം പടിമുകളിൽ
കളിയാട്ടം ജഗദീശാ
വരമരുളൂ വരമരുളൂ
പരമേശാ ഭൂതേശാ ..

—!ം!—

## 26 ശരണമയ്യപ്പാ

(നതോന്നത )

ശരണമയ്യപ്പാ ശരണമയ്യപ്പാ
വിബുധസേവിതാ ശരണമയ്യപ്പാ
മുനിജനാർച്ചിതാ ശരണമയ്യപ്പാ
ജഗൽഗുരോനിത്യം ശരണമയ്യപ്പാ

ത്രിലോകമൊക്കെയു മടക്കിവാഴുന്ന
ത്രിലോകനായകാ മുനിജനസ്തുതാ
ശരണമേകണേ ശരണമേകണേ
ശബരിതന്നീശാ ശരണമയ്യപ്പാ
ദുരിതമൊക്കെയു മകററിവാഴുന്ന
ത്രിഭുവനാച്ച്വിതാ ശരണമയ്യപ്പാ
പിഴകളൊക്കയും പൊറുക്കണേദേവ
മുനിജനാച്ച്വിതാ ശരണമയ്യപ്പാ
കലിയുഗമല മഖിലവും മാററി
ശരണമേകണേ ശരണമയ്യപ്പാ
അധമ്മമൊക്കെയു മകററി മന്നിലായ്
സുധമ്മതൻ സുഖ മരുളുമീശ്വരാ
ജഗന്നിയന്താവാം ത്വദീയപാവന
കഥകളെപ്പൊഴും ശരണമയ്യപ്പാ
വിഭൂതിനാഥനായ് പരായസൃഷ്ടനായ്
സുമോഹനാംഗനായ് വിളങ്ങുമയ്യപ്പാ
നരവരപ്രിയാ സുരജനപ്രിയാ
വിഭൂതിനായകാ ശരണമയ്യപ്പാ
വിവിധഭൂതങ്ങൾക്കധീശ്വരനായി
വിബുധനായക ക്കധീശ്വരനായി
ദുരിതമൊക്കെയു മകററുമയ്യപ്പാ
ശരണമെന്നുമേ ശരണമയ്യപ്പാ
കലിതകൌതുക മടവിയിൽവന്നു
പുലിപ്പുറത്തേറി നടന്നൊരയ്യപ്പാ

സകലദുഃഖവു മഖിലമോഹവു-
മകററിടേണമേ ശരണമയ്യപ്പാ
കരകാണാത്തോരു കദനഭാരത്തിൽ
കലിയുഗത്തിൻെറ കപടലോകത്തിൽ
അധർമ്മമൊക്കെയും കടപുഴക്കുവാൻ
ജനിച്ചോരയ്യപ്പാ ശരണമയ്യപ്പാ
പുരാപ്രജാപതി യനേകനാമത്താൽ
വിളിച്ചഭൂതേശാ ശരണമയ്യപ്പാ
വരിഷ്ഠദൈവമേ മനോജ്ഞ ശാസ്താവേ
ഗുണഗണനിധേ ശരണമയ്യപ്പാ
ക്ഷിതിയിൽനിൻ നാമമംഗലവിനാശനം
ദുരിതനാശകാ ശരണമയ്യപ്പാ... !

—o—

## 27 എരുമേലി ശാസ്താവ്

താരകബ്രഹ്മമൂർത്തിയായ് മേവും
ഭൂതനാഥാദയാനിധേ
പൊന്നെരുമേലിവാഴുമയ്യനേ
നിൻതിരുവടിയാശ്രയം
ആദിദേവാ മുനിജനസ്തുതാ
ആതിഥേയ ദയാനിധേ
പൊന്നിരുമുടിക്കെട്ടുമായിതാ
വന്നുകേറുന്നഭക്തരെ

38816

നീയനുഗ്രഹിക്കേണമേസർവ്വ-
ഭൂതനായകാ ദൈവമേ
കല്ലിടും കുന്നിനപ്പുറംമേവും
പുണ്യപൂർണ്ണ കൃപാനിധേ
സർവ്വലോകത്തിനുത്സവം മന്നി-
നെന്നുമാശ്രയം നീയല്ലോ
ഭിക്ഷുകൾക്കൊക്കെയാശ്രയം കർമ്മ-
ക്ഷേത്രനാകും നീയല്ലയോ
ആശ്രിതജനവത്സലാ കൃപാ-
രത്നാപുണ്യസമുച്ചയാ
ദേവരാജ സുധർമ്മയിൽപോലും
നിൻജയക്കൊടി നാട്ടിനീ
ധർമ്മരാജനായ് പുണ്യമൂർത്തിയായ്
സ്വർഗ്ഗമീമന്നിലാക്കിനീ
ഘോരരാക്ഷസ ശ്രേണിനിൻമുൻപിൽ
നാമ്പെടുക്കുന്ന പുൽക്കൊടി
വെട്ടിവെട്ടിയരിഞ്ഞു വീഴ്ത്തിനീ
ദുഷ്ടശക്തികളൊക്കെയും
നിൻതിരുമുമ്പിൽ മുട്ടുകുത്തിയാ-
ദുഷ്ടരാക്ഷസശക്തികൾ
ശ്രീ ശബരിഗിരിയിൽ വാഴുന്ന
ഭൂതനായകാ ശ്രീ നിധേ
നിൻ കഥാമൃതസാരമോതുവാ-
നാവുകില്ലിന്നനന്തനും

അത്രമേലനവദ്യമല്ലയോ
നിസ്തുലം നിൻ കഥാമൃതം
ഘോരസംസാരസാഗരത്തിലെ
കൊച്ചുകൊച്ചു നീർപ്പോളകൾ
ഞങ്ങൾ നിൻദയാവാപ്തിനായിതാ-
കൈകൾനീട്ടുന്നു നിത്യവും
ശ്രീ ശബരിഗിരിയിൽ വാഴുന്ന
ഭൂതനായകാ ശ്രീ നിധേ
പൊന്നെരുമേലിവാഴുമയ്യനേ
നിൻ തിരുവടിയാശ്രയം.

—!!—

## 28 അപ്പാച്ചിക്കുഴി

അപ്പാച്ചിക്കുഴി ശരണംമേ
ഇപ്പാച്ചിക്കുഴി ശരണംമേ
അപ്പാച്ചിക്കുഴി ഇപ്പാച്ചിക്കുഴി
കരിമലമേടേ ശരണംമേ
കലിയുഗവരദാശരണംമേ
കരുണാനിധിയേ ശരണംമേ
കലിയുഗവരദാ കരുണാനിധിയേ
നിരുപമവരദാ ശരണംമേ
ഹരനാരായണ ശരണംമേ
ഹരിഹരസുതനേ ശരണംമേ

ഹരനാരായണ ഹരിഹരസുതനേ
മാമലവാസാ ശരണംമേ
ശബരിഗിരീശാ ശരണംമേ
വാനവർതിലകാ ശരണംമേ
ശബിരിഗിരീശാ വാനവർതിലകാ
വൻപുലിവാഹന ശരണംമേ
പങ്കജലോചന ശരണംമേ
ശങ്കരസുതനേ ശരണംമേ
പങ്കജലോചന ശങ്കരസുതനേ
സർവ്വഭയാപഹ ശരണംമേ
അഴുതാനദിയേ ശരണംമേ
കാട്ടുംമലയും ശരണംമേ
അഴുതാനദിയേ പമ്പാനദിയേ
ശരംകുത്തിയാലേ ശരണംമേ
പുലിവാഹനനേ ശരണംമേ
കർപ്പൂരക്കഴി ശരണംമേ
പുലിവാഹനനേ കർപ്പൂരക്കഴി
കരിമലമുകളേ ശരണംമേ
ആഴിപ്രിയനേ ശരണംമേ
ശരണാഗതനേ ശരണംമേ
ആഴിപ്രിയനേ ശരണാഗതനേ
ജഗദീശ്വരനേ ശരണംമേ
അഖിലാണ്ഡവനേ ശരണംമേ
ആശ്രിതവത്സല ശരണംമേ

...TAYAM PUBLIC LIBRARY ... YAM.

അഖിലാണ്ഡവനേ ആശ്രിതവത്സല
പതിനെട്ടാംപടി ശരണംമേ
ഓങ്കാരാത്മക ശരണംമേ
സങ്കടനാശന ശരണംമേ
ഓങ്കാരാത്മക സങ്കടനാശന
ശബരിഗിരീശാ ശരണംമേ!

—।०!—

## 29 പടിപ്പാട്ട്

(ഉടുക്കുപാട്ട്)

ശബരിയ്ക്കൊരുമോക്ഷം നൽകിയ-
ശബരീശാ വരമരുളേണം
മലമുകളിലേറിയിരിക്കും
പരമേശാ തുണയരുളേണം
ഒന്നാകും തൃപ്പടികയറാൻ
കുന്നിൻമകൾ വരമരുളേണം
രണ്ടാകും തൃപ്പടികയറാൻ
ഇന്ദിരയും വരമരുളേണം
ജഗദീശ്വരനിൻ കൃപയാലേ
പടിരണ്ടും കയറിവരുന്നേൻ
മൂന്നാകും തൃപ്പടികയറാൻ
നാരായണവരമരുളേണം

നാലാകും തൃപ്പടികയറാൻ
ശങ്കരനേവരമരുളേണം
പടിനാലും കയറിവരുന്നേൻ
ഭക്തപ്രിയവരമരുളേണം
അഞ്ചാകും തൃപ്പടികയറാൻ
സൽഗുരുവേ വരമരുളേണം
ആറാകും തൃപ്പടികയറാൻ
ശാസ്താവേ വരമരുളേണം
പടിയാറും കയറിവരുന്നു
പരമേശാ വരമരുളേണം
ഏഴാംപടി പൊന്നിൻതൃപ്പടി
മണികണ്ഠാ വരമരുളേണം
എട്ടാംപടികയറാനായി
വാപരനേ വരമരുളേണം
പടിയെട്ടും കയറിവരുന്നു
പുലിവാഹന വരമരുളേണം
പടിയെട്ടും പിന്നെയൊരൊന്നും
ജഗദീശാവരമരുളേണം
പടിപത്തും കയറിവരുന്നു
സൽഗുരുവേ വരമരുളേണം
പടിപത്തും പിന്നെയൊരൊന്നും
അഖിലേശാ വരമരുളേണം
പടിപത്തും പിന്നൊരുരണ്ടും
ഭക്തപ്രിയ വരമരുളേണം

പതിമൂന്നാംപടി കയറുന്നേൻ
ശബരീശാ വരമരുളേണം
പതിനാലാം പടികയറുന്നേൻ
പരമേശാ വരമരുളേണം
പതിനഞ്ചാം പടിയേശരണം
ഭൂതേശാ വരമരുളേണം
പതിനാറാം പടിയേനിത്യം
ശരണംമേ വരമരുളേണം
പടിപത്തും പിന്നെയൊരേഴും
പുലിവാഹന വരമരുളേണം
പതിനെട്ടാം പടിയുടെമുകളിൽ
പൊന്നമ്പലമേട്ടിന്നുള്ളിൽ
കുടികൊള്ളും പരമാത്മാവേ
ഹരിനന്ദന വരമരുളേണം
അപ്പാച്ചിക്കുഴിയും താണ്ടി
ഇപ്പാച്ചിക്കുഴിയും താണ്ടി
കരിമലയും, പുലിമലമേടും
നീലീമല പൊന്മലയെല്ലാം
പതിനെട്ടാംപടിയുംകേറി
ഇരുമുടിയാംകെട്ടുംപേറി
വരവായി ശബരിഗിരീശാ
ശരണം നിൻപാദതളിലല്ലോ!
കടുരവനേവാപരനേയീ-
അഗതിക്കൊരുവരമരുളേണം!

—।೦।—

## 30 മക്കത്തെ പാത്തുമ്മയും വാവരും അയ്യപ്പനും വാവരുംതമ്മിൽ യുദ്ധം

(ഉടുക്കുപാട്ട്....)

മക്കത്തെപ്പാത്തുമ്മായ്ക്കു്
മക്കളില്ലാമനസ്സിന്നുദുഃഖം
പലനേർച്ചകൾവഴിവാടുകളും
പതിവായിച്ചെയ്തൊരുനേരം
പാത്തുമ്മയ്ക്കപ്പൊഴുതല്ലോ
വാപരനെപ്പിള്ളയിലുണ്ടായ്.
ഹലിയാരെന്നോമനനാമം
വാപരനെ വിളിച്ചേനമ്മ
കാലങ്ങൾ കഴിഞ്ഞേനല്ലോ
വാപരനുംതെല്ലുവളന്നു
അഞ്ചുവയസ്സായൊരുകാലം
വാപരനെയോത്തിനിരുത്തി
വേദാദികളഖിലവുമവനെ
വഴിപോലെപഠിപ്പിച്ചല്ലോ
ഭാവിക്കും മുമ്പറിയുന്നൊരു
ഭാവനയീയുണ്ണിയ്ക്കുണ്ടായ്
അതിനാലേ വാപരനെന്നൊരു
നാമവുമീക്കുഞ്ഞിന്നുണ്ടായ്
പടവെട്ടുപഠിച്ചേനല്ലോ
വേദങ്ങളറിഞ്ഞേനല്ലോ
വടിവാളും കയ്യിലെടുത്തു
നലമോടെ പരിചയെടുത്തു
വാപരനങ്ങൊരുനാൾ തന്റെ
പച്ചപ്പൊൻ കുതിരയിലേറി

കടലേഴും മലയും താണ്ടി
കാടുകളും കുന്നും താണ്ടി
വേട്ടയ്ക്കായ് പോയൊരുനാളിൽ
വൻകാട്ടിൽ നടുവിൽവെച്ച്
ഒററക്കൊരുഗജമുകളേറി
കയ്യിൽ പൊൻചുരികയുമേന്തി
ആവഴിയേയവന്നേനല്ലോ
മണികണ്ഠ സ്വാമിയുമന്നാരം
കുതിരപ്പുറമേറിവരുന്നവ-
നാരാണേ വഴിമാറേണം
ആനപ്പുറമേറിവരുന്നവ-
നാരാണേ വരമരുളേണം
വാപരനും മണികണ്ഠനുമായ്
വാദിച്ചു കാട്ടിൽവെച്ച്
പടവെട്ടാൻതന്നെമുതിർന്നു
പടയാളികൾ രണ്ടാളൊപ്പം
കരിമുകളിലേറിയൊരയ്യൻ
കുതിരപ്പുറമേറിയവാവർ
'അയ്യപ്പാ ചങ്ങാതീ
കയ്യിന്മെവെട്ടല്ലേ
വെട്ട്യാലുംമുറിയല്ലേ
വെട്ട്യാലുംമുറിയല്ലേ....
അയ്യപ്പാ ചങ്ങാതീ
കയ്യിന്മെവെട്ടല്ലേ........'
അയ്യപ്പൻ വെട്ടുന്നു
വാവർ തടുക്കുന്നു....

—സമാപ്തം—

KOTTAYAM PUBLIC LIBRARY
KOTTAYAM.
Cl. No. M294. Acc. No. 38816

This book should be returned on or before the date last stamped below.

29 NOV 1985

26 MAR 1989

M 291 3 8. 16

ഗോപാലകൃഷ്ണൻ

ശ്രീ [illegible] സ്തോത്രരത്നം

## ശ്രീ ശബരിമല ശാസ്താവിനെ സംബന്ധിച്ച പുസ്തകങ്ങൾ

| | |
|---|---|
| ശ്രീ മണികണ്ഠചരിതം | 0.50 |
| ശ്രീ ഭൂതനാഥശരണങ്ങൾ | 0.22 |
| ശ്രീ ശബരിമല അയ്യപ്പസ്വാമി സ്തോത്രങ്ങൾ | 0.25 |
| ശ്രീ ശബരിമല സഹസ്രനാമസ്തോത്രം | 0.25 |
| ,, ,, (നാമാവലി) | 0.50 |
| ശ്രീ അയ്യപ്പസ്വാമി കീർത്തനം | 0.10 |
| ശ്രീ അയ്യപ്പസ്വാമി സ്തോത്രമാല | 0.60 |
| ശാസ്താംപാട്ടുകൾ (ഉടുക്കടിപാട്ടുകൾ) | 1.25 |
| ശ്രീ ഭൂതനാഥ സന്ധ്യാനാമം | 0.25 |
| ശാസ്താഗാനങ്ങൾ | 0.25 |

എച്ച്. & സി. സ്റ്റോഴ്സ്,

കുന്നംകുളം.

ബ്രാഞ്ചുകൾ: തൃശൂർ & എറണാകുളം.

Cover Printed at The VICTORY PRESS, Kunnamkulam.

ശ്രീ

# മണികണ്ഠ സ്തോത്രരത്നം



എച്ച്. & സി. സ്റ്റോഴ്സ്, കുന്നംകുളം.

വില: 60 പൈസ.

Indic Digital Archive Foundation
gpura.org